## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1809** — **04.10.2011 ൽ മറുപടിക്ക്**

## ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കിയതിന്മേലുള്ള പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :<br>ശ്രീ. എം.ഉമ്മർ<br>ശ്രീ.സി.മമ്മുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാർവരെ ബി.പി.എൽ പട്ടികയിലും, അന്നയോജന ആനുകൂല്യ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ജീവനക്കാരെ ഒഴിവാക്കിയാണ് ബി.പി.എൽ. പട്ടിക തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ ജീവനക്കാർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>അന്നയോജന ആനുകൂല്യപ്പട്ടികയിൽ സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | ഒരു സെന്റ് ഭൂമി പോലും സ്വന്തമായില്ലാത്ത പ്രതിമാസം 1000 രൂപ പെൻഷൻ മാത്രം വരുമാനമുള്ള എൺപതു കഴിഞ്ഞ വൃദ്ധന് ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർക്കുള്ള കാർഡ് അനുവദിച്ചിട്ടുള്ളപ്പോൾ, സർക്കാർ ജീവനക്കാർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം അന്വേഷിക്കുമോ ? | (ബി) | സർക്കാർ ജീവനക്കാർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്താൽ ഇവർ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം അന്വേഷിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ബി.പി.എൽ. എ.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിൽ ക്രമക്കേട് കടന്നു കൂടിയിട്ടുണ്ടെന്ന പരാതികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി തെറ്റുകൾ തിരുത്താൻ തയ്യാറാകുമോ ? | (സി) | 2009 ൽ നടത്തിയ ബി.പി.എൽ സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിന്മേൽ പരാതികൾ/ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകുകയും ഈ പരാതികൾ/ആക്ഷേപങ്ങൾ അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ച് പരിശോധിക്കുവാൻ (14.01.11 ലെ സ.ഉ (കൈ)നം.16/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം) ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പരാതികളും/ആക്ഷേപങ്ങളും ലഭിക്കുന്ന മുറയ്ക്ക് സമഗ്രമായി അന്വേഷിച്ച് ഇവ തീർപ്പ് കൽപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ